"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മലപ്പുറം - 2019 പ്രളയത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചിട്ടുള്ള ശ്രീമതി ഫാത്തിമ, ശ്രീമതി അസ്യ എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.408/2026/RD തീയതി,തിരുവനന്തപുരം, 21-02-2026

---

**പരാമർശം:- സ.ഉ.(സാധാ)നം.73/2026/DMD തീയതി 07.02.2026**

**ഉത്തരവ്**

2019 പ്രളയത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചിട്ടുള്ള മലപ്പുറം ജില്ലയിലെ ശ്രീമതി ഫാത്തിമ പാറത്തോടിക്ക ചാലിപ്പാറമ്പൻമുണ്ട, ശ്രീമതി അസ്യ പാറമ്മൽ കണക്കെത്തിൽ മുണ്ട എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,98,100/- രൂപ വീതം ധനസഹായം അനുവദിക്കുന്നതിനായി അനുമതി നൽകി പരാമർശപ്രകാരം ഉത്തരവായിരുന്നു.

2)പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-ലെ പ്രളയത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചിട്ടുള്ള മലപ്പുറം ജില്ലയിലെ ശ്രീമതി.ഫാത്തിമ പാറത്തോടിക്ക ചാലിപ്പാറമ്പൻമുണ്ട, ശ്രീമതി.അസ്യ പാറമ്മൽ കണക്കെത്തിൽമുണ്ട എന്നിവർക്ക് സി.എം.ഡി.ആർ.എഫ് വിഹിതമായ **2,98,100/- രൂപ വീതം** നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ **5,96,200/-രൂപ** മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3)വിതരണത്തിനാവശ്യമായി വരുന്ന തുകയായ 5,96,200/- **രൂപ** (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഇരുനൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ ക്ക്
റവന്യൂ (ഡി.ആർ.എഫ് - എ, സി) വകുപ്പ്